**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5927 19.11.2019-ലെ മറുപടിയ്ക്ക്

## സ്പോർട്സ് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളിൽ താമസിക്കുന്ന കായിക വിദ്യാർത്ഥികൾക്ക് മതിയായ സൗകര്യം പലപ്പോഴും ലഭിയ്ക്കാറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാർത്ഥികൾക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യമാണ് ഹോസ്റ്റലുകളിൽ ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികളിൽ കായികതാരങ്ങൾക്ക് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനും സമീപത്തെ സ്റ്റേഡിയങ്ങളിൽ വിദഗ്ധ പരിശീലകരുടെ കീഴിൽ പരിശീലനം നേടുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പരിശീലനത്തിന് വേണ്ട കായിക ഉപകരണങ്ങളും, വർഷംതോറും സ്പോർട്സ് കിറ്റുകളും വിതരണം ചെയ്തു വരുന്നതോടൊപ്പം ഹോസ്റ്റലുകളിൽ മെഡിക്കൽ സൗകര്യവും ലഭ്യമാക്കി വരുന്നുണ്ട്.<br>കൂടാതെ കായികയുവജനകാര്യാലത്തിന് കീഴിൽ ഗവ.ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീവിടങ്ങളിലെ ഹോസ്റ്റലുകൾ തൃപ്തികരമായ നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂളിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകൾ നവീകരിക്കുകയും, അടുക്കള, ടോയ്ലെറ്റുകൾ, ആവശ്യമായ കട്ടിലുകൾ, മേശ, കസേര, കിടക്കകൾ മുതലായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ പഴയ ഹോസ്റ്റൽ പുതുക്കുകയും കൂടുതൽ സൗകര്യമുള്ള മൂന്ന് നിലകളുള്ള പുതിയ |

| | | | |
|---|---|---|---|
| | | | നിലകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും കുട്ടികൾക്ക് ഹോസ്റ്റൽ താമസത്തിനായി കൈമാറുകയും . ചെയ്തിട്ടുണ്ട്. അവിടേക്ക് ആവശ്യമായ കട്ടിലുകൾ, കിടക്ക, മേശ,കസേര എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഹോസ്റ്റലിന്റെ സുരക്ഷ മുൻനിർത്തി സി.സി.റ്റി.വി ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | അത്തരം ഹോസ്റ്റലുകളുടെ മെസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തുക യഥാസമയം നൽകാത്തത് വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകർക്കും വളരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; ഒരു വിദ്യാർത്ഥിക്ക് ഭക്ഷണത്തിനായി എത്ര രൂപയാണ് ഒരു ദിവസം അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. സ്പോർട്സ് കൗൺസിലിനു കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിൽ ഒരു കുട്ടിക്ക് ഒരു ദിവസത്തെ ഭക്ഷണത്തിനായി 200/-രൂപയും മാസം തോറും വാഷിംഗ് അലവൻസ് ഇനത്തിൽ 200/-രൂപയും നിലവിൽ നൽകി വരുന്നുണ്ട്.<br><br>കായികയുവജനകാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവ.ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ ഹോസ്റ്റലുകൾ കായികയുവജനകാര്യാലയം നേരിട്ടാണ് നടത്തുന്നത്. നിലവിൽ പ്രസ്തുത സ്കൂളുകളിലെ ഓരോ കുട്ടിക്കും പ്രതിദിനം 183/-രൂപയുടെ ഭക്ഷണമാണ് നൽകി വരുന്നത്. പ്രസ്തുത തുക 300/-രൂപയാക്കി ഉയർത്തി കായികയുവജനകാര്യ വകുപ്പിന്റെ പ്രത്യേക ന്യൂട്രീഷ്യൻ പദ്ധതി പ്രകാരമുള്ള സ്പെഷ്യൽ സപ്ലിമെന്റ് ഉൾപ്പെടുത്തിയ ഭക്ഷണം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ തുക യഥാസമയം അനുവദിച്ച നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ തുക യഥാസമയം അനുവദിച്ച നൽകുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച വരുന്നു. |

**സെക്ഷൻ ഓഫീസർ**